**അടിയന്തിരം**

**സമയബന്ധിതം**

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം-01,
തീയതി: 02.04.2016.

നമ്പർ:ഇ2/9339/2016

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-2016-17-87-മോഡണൈസേഷൻ - വിവിധ ട്രേഡുകൾക്ക് അഫിലിയേഷൻ-റീ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം - ശുപാർശ അയക്കുന്നത് - സംബന്ധിച്ച്.

**********

സംസ്ഥാനത്ത് നിലവിലുള്ള വിവിധ ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകൾക്ക് എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണത്തിനും ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം വാങ്ങുന്നതിനുള്ള ഫീസിനത്തിൽ ചെലവഴിക്കുന്നതിനും നടപ്പു സാമ്പത്തികവർഷത്തിൽ **3 കോടി** രൂപ ബഡ്ജറ്റിൽ 87-മോഡണൈസേഷൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന **28 ഐ.ടി.ഐ.കളിലെ** വിവിധ ട്രേഡുകൾക്ക് റീ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം നടത്തുന്നതിന് **19.13 കോടി** രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ഐ.ടി.ഐ ചാക്ക, കഴക്കൂട്ടം (വ), ആറ്റിങ്ങൽ, കൊല്ലം, കൊല്ലം (വ), കായംകുളം, ചെന്നീർക്കര, ചെങ്ങന്നൂർ, ചെങ്ങന്നൂർ (വ), പുറക്കാട്, ഏറ്റുമാനൂർ, പള്ളിക്കത്തോട്, രാജക്കാട്, കളമശ്ശേരി, കളമശ്ശേരി (വ), ചാലക്കുടി, ചാലക്കുടി (വ), കുഴൽമന്ദം, വാണിയംകുളം, അട്ടപ്പാടി, പുഴക്കാട്ടിരി, അരീക്കോട്, കോഴിക്കോട്, കോഴിക്കോട് (വ), കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ, കാസർഗോഡ്.**

മേൽ സാഹചര്യത്തിൽ DGT, New Delhi യുടെ NCVT അഫിലിയേഷൻ, റീ അഫിലിയേഷൻ നേടിയെടുക്കുന്നതിന് ഇനിയും കുറവുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് താഴെപറയുന്ന മാതൃകാ ഫോറത്തിൽ (പ്രൊഫോർമ I, II) തയ്യാറാക്കി അയച്ചുതരേണ്ടതാണ്. അതോടൊപ്പം ടി ഉപകരണങ്ങൾ ഡി.ജി.റ്റി.യുടെ സിലബസ് പ്രകാരമുള്ളതാണെന്ന് ഉറപ്പു വരുത്തി, ആവശ്യവുമായ സ്പെസിഫിക്കേഷനോടു കൂടി മാർക്കറ്റിൽ ടി ഉപകരണത്തിന് എത്ര തുക വേണ്ടിവരും എന്നുമുള്ള വിവരങ്ങൾ താങ്കൾ വ്യക്തമായി ബോധ്യപ്പെട്ടതിനുശേഷം തയ്യാറാക്കി അയച്ചു തരേണ്ടതാണ്. മാർക്കറ്റുവില നിശ്ചയിയ്ക്കേണ്ടത് ബന്ധപ്പെട്ട ട്രേഡിലെ എക്സ്പേർട്ട് തന്നെ ആയിരിക്കണം. ടിയാൻ ആവശ്യമെങ്കിൽ ടി ഐറ്റങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനവുമായി ബന്ധപ്പെടുകയോ അല്ലായെങ്കിൽ സപ്ലൈ ചെയ്യുന്ന ഏജൻസിയുമായി ബന്ധപ്പെടുകയോ ചെയ്തതിനുശേഷം ടി തുക

സൈറ്റിൽ ചെക്ക് ചെയ്ത് ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രമേ ടി തുക മാതൃകാഫോറത്തിൽ രേഖപ്പെടുത്താവൂ.

നിലവിൽ ആവശ്യമായ സ്ഥല സൗകര്യമില്ലാതെ വളരെ വിലപിടിപ്പുള്ള ഉപകരണങ്ങൾ സംഭരിക്കുന്നതിനുള്ള ശുപാർശകൾ അയക്കുമ്പോൾ ഇവ ലഭ്യമാകുന്ന അവസരത്തിൽ യന്ത്രോപകരണങ്ങൾ യഥാസ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രിൻസിപ്പാളിനായിരിക്കും. ആയതിനാൽ നിലവിലുള്ള സ്ഥലത്ത് അഫിലിയേഷൻ/ റീ-അഫിലിയേഷൻ എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സംഭരിച്ച് ട്രെയിനികളുടെ പരിശീലനത്തിന് നൽകുവാൻ കഴിയുമെങ്കിൽ അത്തരത്തിലുള്ള ഉപകണങ്ങൾ സംഭരിക്കുന്നതിനുള്ള ശുപാർശകൾ മാതൃകാഫോറം I, II എന്നിവയിൽ താഴെ പറയുന്ന തീയതികളിൽ അനുവദിച്ചിട്ടുള്ള ഐ.ടി.ഐ.കളിൽ ബന്ധപ്പെട്ട പർച്ചേസ് സെക്ഷൻ ക്ലാർക്ക് നേരിട്ട് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | ജില്ല | ശുപാർശ എത്തിക്കേണ്ട സ്ഥാപനം | തീയതി |
|---|---|---|---|
| 1 | തിരുവനന്തപുരം | ഡയറക്ടറേറ്റ് | 29.04.2016 |
| 2 | കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി | ഐ.ടി.ഐ ഏറ്റുമാനൂർ | 28.04.2016 |
| 3 | എറണാകുളം മുതൽ കാസർഗോഡ് വരെ | ഐ.ടി.ഐ ചാലക്കുടി | 26.04.2016 |

ടി ശുപാർശയുടെ ഒരു പകർപ്പ് സി.ഡി.യിൽ ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമകളിൽ എക്സൽ ഫോർമാറ്റിൽ തയ്യാറാക്കി നൽകേണ്ടതാണ്. 2016-2017 സാമ്പത്തിക വർഷത്തെ പർച്ചേസ് പ്രൊപ്പോസൽ അയക്കുന്ന അവസരത്തിൽ താങ്കൾ സ്റ്റോക്കിലെ സ്റ്റോക്കും സ്റ്റോറും പരിശോധിച്ചതിനുശേഷം മാത്രമേ കുറവുള്ള ഉപകരണങ്ങളുടെ വിശദാംശം മാതൃകാ ഫോറത്തിൽ രേഖപ്പെടുത്തേണ്ടതുള്ളു.

ഉപകരണ സംഭരണം ആവശ്യമുള്ള പല ഐ.ടി.ഐ കളിൽ നിന്നും കൃത്യതയോടും വ്യക്തതയോടും കൂടി സമയബന്ധിതമായി ശുപാർശകൾ ലഭിക്കാത്തതിനാൽ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ സംഭരണ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. മേൽപ്പറഞ്ഞ തീയതികളിൽ തന്നെ എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും ബന്ധപ്പെട്ട ഐ.ടി.ഐ.കളിൽ ശുപാർശ ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2015-2016 സാമ്പത്തിക വർഷത്തിൽ ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ള വിതരണ ഉത്തരവിലെ ഐറ്റങ്ങൾ പ്രൊഫോർമ I, II എന്നിവയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.

മേൽപ്പറഞ്ഞ പ്രൊഫോർമകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി തരംതിരിച്ച് ഹാജരാക്കുവാൻ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ശ്രദ്ധിക്കേണ്ടതാണ്.

അനുവദിച്ചിട്ടുള്ള സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന ശുപാർശകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർ ഇൻചാർജ്ജ്

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും.
എല്ലാ ഐ.റ്റി മാർക്കും - അവരവരുടെ അധീനതയിലുള്ള ഐ.ടി.ഐ കളിൽ നിന്നും സമയത്തിന് തന്നെ ശുപാർശകൾ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

<u>പകർപ്പ്</u>:-

സംഭരണ ഫയൽ (ഇ2)

ആർ.ഇ.2.4.16

## പ്രൊഫോർമ I

അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ ആവശ്യമായ ഉപകരണങ്ങൾ (ഓരോ ട്രേഡുകൾക്കും പ്രത്യേകം പ്രത്യേകം ശുപാർശ സമർപ്പിക്കേണ്ടതാണ്)

ഐ.ടി.ഐ യുടെ പേര്..................

ട്രേഡ്............................

Units: ---------- + ------------ = --------- Units

| Sl. No. | Sl.No. as per Syllabus | Name of Item as per Syllabus | Detailed Specification | Quantity required as per syllabi | Quantity available as per stock register | Quantity required | Estimated rate per item | Total estimated cost | Remarks |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | Total | |

## പ്രൊഫോർമ II

റീ-അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ ആവശ്യമായ ഉപകരണങ്ങൾ (ഓരോ ട്രേഡുകൾക്കും പ്രത്യേകം പ്രത്യേകം ശുപാർശ സമർപ്പിക്കേണ്ടതാണ്)

ഐ.ടി.ഐ യുടെ പേര്..................

ട്രേഡ്............................

Units: ---------- + ---------- = --------- Units

| Sl. No. | Sl.No. as per Syllabus | Name of Item as per Syllabus | Detailed Specification | Quantity required as per syllabi | Quantity available as per stock register | Quantity required | Estimated rate per item | Total estimated cost | Remark |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | Total | |